**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 877 | 28.04.2017-ൽ മറുപടിയ്ക്ക് |

## പത്തടിപ്പാലം - അടിച്ചിൽത്തൊട്ടി കോളനി റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പത്തടിപ്പാലം - അടിച്ചിൽത്തൊട്ടി കോളനി റോഡ് നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി, പ്രസ്തുത റോഡിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) & (സി) പത്തടിപ്പാലം മുതൽ അടിച്ചിൽതൊട്ടി കോളനി വരെയുള്ള 6 കി.മീ. റോഡ് നിർമ്മാണത്തിനായി 1450 ലക്ഷം രൂപയുടെ ഭരണാനുമതി 21.10.2014-ലെ സ.ഉ. (കൈ) നം. 77/2014/SCSTDD പ്രകാരം പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു കൊണ്ട് അഡീഷണൽ ട്രൈബൽ സബ് പ്ലാനിൽ (ATSP) ഉൾപ്പെടുത്തി നൽകുകയും, പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പ്രസ്തുത റോഡു നിർമ്മാണത്തിന്റെ ഡി.പി.ആർ തയ്യാറാക്കുവാൻ കോഴിക്കോട് ആസ്ഥാനമായുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ (ULCCS) ഏൽപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സൊസൈറ്റി 11.50കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും 2013-ലെ SoR പ്രകാരം 874 ലക്ഷം രൂപയുടെ സാങ്കേതികാനുമതി 12.11.2015-ലെ സ.ഉ. (സാധാ) |

നം. 1658/2015/പൊ.മ.വ പ്രകാരം ഉപാധികളോടു കൂടി അനുവദിച്ചിട്ടുള്ള തുമാണ്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 10 കോടി രൂപ തൃശ്ശൂർ ജില്ലാ കളക്ടറുടെയും, ചാലക്കുടി ട്രൈബൽ ഓഫീസറുടെയും പേരിൽ ജില്ലാ ട്രഷറിയിൽ നിക്ഷേപിക്കുകയുണ്ടായി. എന്നാൽ ടി തുക പ്രസ്തുത പ്രവൃത്തിയ്ക്ക് അപര്യാപ്തമാണെന്ന കാരണത്താൽ പദ്ധതി നിർവ്വഹണത്തിൽ നിന്നും ULCCS പിന്മാറുകയും, ടി പ്രവൃത്തിയുടെ നിർവ്വഹണത്തിന് പൊതുമരാമത്ത് വകുപ്പിനെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തുകയും ചെയ്തു.

പദ്ധതി പ്രദേശം വനം വകുപ്പിന്റെ നിയന്ത്രണത്തിലാകയാൽ പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യ ത്തിൽ, പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയേതര ഫണ്ട് ഉപയോഗിച്ച് 3.055 കി.മീ. നീളത്തിലും 3മീറ്റർ വീതിയിലും അതിർത്തി നിർണ്ണയം നടത്തി റോഡ് മാപ്പ് തയ്യാറാക്കുകയും, ഇതു പ്രകാരം ഉപാധികളോടു കൂടി പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായുള്ള സ്ഥലം വനം വകുപ്പ് അനുവദിക്കുകയുമുണ്ടായി. എന്നാൽ ആവശ്യമായ ഗ്രേഡിയന്റ് നൽകുന്നതിന് റോഡ് താഴ്ന്ന സ്ഥലങ്ങളിൽ 6 മുതൽ 12 മീറ്റർ വരെ വീതിയിൽ മൺപണികൾ ചെയ്യേണ്ടി വരുമെന്നതിനാലും, 3 മീറ്ററിൽ കൂടുതൽ സ്ഥലം കലുങ്കുകളുടെ നിർമ്മാണത്തിന് വേണ്ടി വരുമെന്നതിനാലും, മേൽപ്പറഞ്ഞ വീതിയിൽ തന്നെ വനം വകുപ്പിൽ നിന്ന് സ്ഥലം വിട്ടു കിട്ടിയെങ്കിൽ മാത്രമേ പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ യൂസർ ഏജൻസിയായ SC-ST Development Department തന്നെ മുൻകൈയെടുത്ത് വനം വകുപ്പിൽ നിന്നും സ്ഥലം

ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറേണ്ടതുണ്ട്.

പ്രവൃത്തിയുടെ ഭരണാനുമതി നൽകിയിട്ട് രണ്ട് വർഷം അധികരിച്ചതിനാലും, സാങ്കേതികാനുമതി നൽകിയിട്ടുള്ള 12.11.2015-ലെ സ.ഉ. (സാധാ) നം. 1658/2015/പൊ.മ.വ ഉത്തരവിലെ ഉപാധികൾക്ക് അനുസൃതമായും ടി റോഡിന്റെ നീളം 3.055 കി.മീ. ആയി പുനഃക്രമീകരിച്ച് ഭരണാനുമതിക്കായി നിലവിലുള്ള SoR പ്രകാരം എസ്റ്റിമേറ്റ് പുനഃക്രമീകരിച്ച് 1100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ലഭ്യമാക്കുകയുണ്ടായി. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾക്കനുസൃതമായി ടി എസ്റ്റിമേറ്റ് പുതുക്കി നൽകണമെന്ന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് വീണ്ടും സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Sd/-

സെക്ഷൻ ഓഫീസർ